# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2949** **18.06.2019-ൽ മറുപടിക്ക്**

**<u>അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന് സ്ഥലം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മലപ്പുറം അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അനുവദിച്ച ഫണ്ട് റിസംപ്ഷൻ ആയി സർക്കാർ ഏറ്റെടുത്തതിനുശേഷം നാളിതുവരെ തിരികെ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ഫണ്ട് തിരികെ നൽകുന്നതിനായി എന്തെല്ലാം നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുത്ത കേസിൽ പുനർ നിർണ്ണയിച്ച നഷ്ടപരിഹാര തുകയായ 1,23,36,445/- രൂപ മഞ്ചേരി പൊതുമരാമത്ത് (നിരത്ത്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലമെടുപ്പ് ഓഫീസറായ മലപ്പുറം എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ അക്കൗണ്ടിലേക്ക് 31.3.2018-ന് നിക്ഷേപിക്കുകയും പ്രസ്തുത അക്കൗണ്ടിൽ നിന്നും 31.3.2018-ന് തന്നെ മേൽ തുക റിസംപ്ഷൻ ഓഫ് ഫണ്ട് ആയി ധനകാര്യ വകുപ്പ് തിരികെ എടുത്തതിനാൽ ആയത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് മലപ്പുറം എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാരാണെന്ന് |

| | |
|---|---|
| | മഞ്ചേരി പൊതുമരാമത്ത് (നിരത്ത്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് തിരിച്ചെടുത്ത മേൽ തുക തിരികെ ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) റിസംപ്ഷൻ ആയി ഏറ്റെടുത്ത പ്രകാരമുള്ള എത്ര തുകയാണ് റവന്യൂ വകുപ്പിന് തിരികെ നൽകാനുള്ളത്; ആയത് അടിയന്തരമായി തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) **റിസംപ്ഷൻ ആയി തിരിച്ചെടുത്ത തുകയിൽ ബാക്കി 1 കോടി രൂപയാണ് തിരികെ അനുവദിക്കേണ്ടത്. ആയത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ